**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1909** **29-09-2025 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ആർ. ടി. സി. പെൻഷൻ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ആർ. ടി. സി. യിൽ പെൻഷൻ പരിഷ്കരണം അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (എ) | കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സർക്കാർ സഹായത്താലാണ് കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം ചെയ്യുന്നത്. കെ എസ് ആർ ടി സി യിൽ ഉടനെ പെൻഷൻ പരിഷ്കരണം നടപ്പിലാക്കാൻ കഴിയുന്ന സാഹചര്യമല്ല നിലവിലുള്ളത്. കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന സാഹചര്യത്തിൽ ഇക്കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | ജീവനക്കാർക്കും പെൻഷൻകാർക്കും ഡി. എ./ഡി. ആർ അടക്കമുള്ള ആനുകൂല്യങ്ങൾ നൽകാതിരിക്കാൻ കഴിയില്ല എന്ന കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കെ. എസ്. ആർ. ടി. സി. പെൻഷൻകാർക്ക് കുടിശ്ശിക ആയ 76% ഡി. ആർ ഉടനടി നൽകുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കെ.എസ്.ആർ.ടി.സി. കടന്നുപോകുന്നത്. ജീവനക്കാരുടെ ശമ്പളം ഇപ്പോൾ സർക്കാർ സഹായത്തോടെയാണ് വിതരണം ചെയ്യുന്നത്. കൂടാതെ ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ, ഡീസൽ, സ്പെയർ പാർട്സ് എന്നിവയുടെ ചെലവ്, എം.എ.സി.ടി. നഷ്ടപരിഹാരം, കൺസോർഷ്യം വായ്പ തിരിച്ചടവ്, എൻ.പി.എസ്. തുടങ്ങിയവ നിലവിൽ ഒടുക്കുന്നതിനായി കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ ക്ഷാമബത്ത കുടിശ്ശിക നൽകുന്നത് കോർപ്പറേഷന് കൂടുതൽ ബാധ്യത ഉണ്ടാക്കുന്നതാണ്. ആയതിനാൽ കോർപ്പറേഷൻ സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്ന മുറയ്ക്ക് മാത്രമേ ഡി. ആർ. കുടിശ്ശിക സംബന്ധിച്ച് തുടർ നടപടികൾ എടുക്കുവാൻ സാധിക്കുകയുള്ളൂ.<br><br>കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന സാഹചര്യത്തിൽ സേവന വേതന കരാർ വ്യവസ്ഥകൾക്കനുസൃതമായി അംഗീകൃത തൊഴിലാളി യൂണിയനുകളുമായി ചർച്ച നടത്തി ജീവനക്കാർക്കും, പെൻഷൻകാർക്കും ഡി.എ. / ഡി.ആർ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കെ. എസ്. ആർ. ടി. സി. ലാഭത്തിൽ എത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജീവനക്കാരുടെയും പെൻഷൻകാരുടെയും കുടിശ്ശിക ആയ എല്ലാ അനുകൂല്യങ്ങളും സമയബന്ധിതമായി കൊടുത്തു തീർക്കാൻ തയ്യാറാവുമോയെന്ന് വിശദമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി. നിലവിൽ ലാഭത്തിലെത്തിയിട്ടില്ല. പ്രതിദിന വരുമാനത്തിൽ നിന്നും ഡീസൽ, കൺസോർഷ്യം വായ്പ തിരിച്ചടവ്, സ്പെയർ പാർട്സ്, എം.എ.സി.ടി. ക്ലെയിം, വിവിധ എൻ.ഡി.ആർ. കുടിശ്ശികകൾ എന്നിവയ്ക്ക് തുക നീക്കിവെച്ച് കഴിഞ്ഞാൽ ജീവനക്കാരുടെ ശമ്പളത്തിനും, മറ്റ് പ്രവർത്തന ചെലവുകൾക്കുമായി ഇപ്പോഴും സർക്കാർ വായ്പ ധനസഹായവും, എസ്.ബി.ഐ.യിൽ നിന്നുള്ള ഓവർഡ്രാഫ്റ്റ് ഫെസിലിറ്റിയെയും ആശ്രയിക്കേണ്ടിവരുന്നുണ്ട്. എന്നിരുന്നാലും ജീവനക്കാരുടെ സാമ്പത്തിക അച്ചടക്കത്തിന് മുൻതൂക്കം നൽകി ലഭ്യമാകുന്ന തുക ഉപയോഗിച്ച് ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകാൻ പരമാവധി ശ്രമിക്കുന്നുണ്ട്. എന്നാൽ സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന്റെ പ്രവർത്തന ചെലവ് മാത്രം കണക്കാക്കുമ്പോൾ പല യൂണിറ്റുകളും ഇപ്പോൾ പ്രവർത്തന ലാഭത്തിലാണ്. |

സെക്ഷൻ ഓഫീസർ